ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi to inaugurate Kartavya Bhavan in New Delhi today.

2. ഇന്ത്യ - ഫിലിപ്പീൻസ് ഉഭയകക്ഷി സഹകരണം നയതന്ത്ര പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണ.

   India and Philippines agree to elevate bilateral cooperation to a strategic partnership.

3. ഭൂരഹിതർക്കും ദരിദ്രർക്കും അഭിവൃദ്ധിയിലേക്കുള്ള വഴി തുറക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.

   Cooperative sector can pave the way for progress of the landless and the poor, says Union Minister Amit Shah.

4. ഉത്തരാഖണ്ഡിലെ ധരാലിയിൽ ഉണ്ടായ മേഘവിസ്ഫോടനത്തിൽ കാണാതായവർക്കു വേണ്ടിയുള്ള തിരച്ചിൽ ഊർജ്ജിതം.

Search intensified for those missing after cloudburst in Dharali, Uttarakhand.

5. കേരളത്തിൽ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; കാസർഗോഡ്, കണ്ണൂർ, തൃശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

Rain and strong winds to continue in Kerala, says IMD; educational institutions closed today in Kasaragod, Kannur, and Thrissur; fishing banned along Kerala, Karnataka, and Lakshadweep coasts.

6. ലോകത്തെ നടുക്കിയ ഹിരോഷിമ അണുബോംബ് സ്ഫോടനം നടന്നിട്ട് ഇന്ന് 80 വർഷം.

80 years since the Hiroshima atomic bombing that shook the world.

&&&&&&&&&&&&&&&&&&

**PM - KARTHAVYA BHAVAN**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യ ഭവന്റെ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് കർത്തവ്യപഥിൽ നടക്കുന്ന പൊതുപരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ - 3

രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ പത്രസമ്മേളനത്തിൽ വ്യക്തമാക്കി. ആഭ്യന്തരം, വിദേശകാര്യം, ഗ്രാമവികസനം, MSME, പെട്രോളിയം, പ്രകൃതിവാതകം, തുടങ്ങിയവയുൾപ്പെടെ നിരവധി പ്രധാന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഓഫീസുകൾ കർത്തവ്യ ഭവൻ-3 ൽ ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## PM-AGRICULTURE CONFERENCE

എം.എസ്. സ്വാമിനാഥൻ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച വരെയാണ് സമ്മേളനം. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവും പ്രമുഖ കാർഷിക ശാസ്ത്രജ്ഞനുമായ എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും. ആരോഗ്യകരവും സന്തുഷ്ടവുമായ ജീവിതത്തിന് പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ കൃഷി രീതികൾ എന്ന ആശയത്തിലൂന്നി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## PM INDIA - PHILIPPINES (INTRO)

ഇന്ത്യ - ഫിലിപ്പീൻസ് ഉഭയകക്ഷി സഹകരണം നയതന്ത്ര പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ മാർക്കോസും ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചകളിലാണ് തീരുമാനം. 2025 മുതൽ 2029 വരെയുള്ള കാലയളവിലേക്കുള്ള പഞ്ചവത്സര കർമ്മ പദ്ധതി ഇരുരാജ്യങ്ങളും അംഗീകരിച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്തോ-പസഫിക് മേഖലയിലെ സമാധാനം, സുരക്ഷ, സമൃദ്ധി എന്നിവ ഉറപ്പാക്കാൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധരാണെന്നും ശ്രീ മോദി വ്യക്തമാക്കി.

( വോയിസ്....)

പ്രതിരോധ, സുരക്ഷാ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യയും ഫിലിപ്പീൻസും തീരുമാനിച്ചതായി ഫിലിപ്പീൻസ് പ്രസിഡന്റ് സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. മറ്റന്നാൾ വരെയാണ് ഫിലിപ്പീൻസ് പ്രസിഡന്റിന്റെ ഇന്ത്യാ സന്ദർശനം.

&&&&&&&&&&&&&&&&&&

**PREZ-INDIA PHILIPPINES**

ഇന്ത്യ - ഫിലിപ്പീൻസ് ഉഭയകക്ഷി ബന്ധം 'നയതന്ത്ര പങ്കാളിത്തം' എന്ന നിലയിലേക്ക് ഉയർത്തുന്നത് ഇരുരാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ്

മാർക്കോസിന് രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക സ്വീകരണവും വിരുന്നും നൽകി സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ചരിത്രപരവും നാഗരികവുമായ ബന്ധങ്ങൾ, പൊതു മൂല്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ദീർഘകാല സൗഹൃദമാണ് ഇന്ത്യയും ഫിലിപ്പീൻസും പങ്കിടുന്നതെന്ന് ശ്രീമതി മുർമു പറഞ്ഞു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച ഫിലിപ്പീൻസിന് രാഷ്ട്രപതി നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

**COOPERATION– MEETING**

സഹകരണ സ്ഥാപനങ്ങളെ ഊർജ്ജസ്വലമായ വ്യാപാര യൂണിറ്റുകളാക്കി മാറ്റാൻ സഹകരണ മന്ത്രാലയം പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. അഞ്ചു വർഷത്തിനുള്ളിൽ രാജ്യത്ത് രണ്ട് ലക്ഷം വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം കണക്കിലെടുത്ത്, ഇതുവരെ 35,000 ത്തിലധികം പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ചതായി അദ്ദേഹം പറഞ്ഞു. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഇന്നലെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂരഹിതർക്കും ദരിദ്രർക്കും അഭിവൃദ്ധിയിലേക്കുള്ള വഴി തുറക്കാൻ സഹകരണ മേഖലയ്ക്ക് കഴിയുമെന്നും ശ്രീ ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ASHWINI- INNOVATION PARK

ആഗോളതലത്തിൽ വിശ്വസനീയ സാങ്കേതിക പങ്കാളിയായി ഇന്ത്യ മാറുകയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. കർണാടകയിലെ ദേവനഹള്ളിയിൽ എസ്.എ.പി ലാബ്സ് ഇന്ത്യ ഇന്നൊവേഷൻ പാർക്കിന്റെ ഉത്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ പുരോഗതിയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ് ഇന്നൊവേഷൻ പാർക്ക് എന്നും ശ്രീ. അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PAR-ADJOURN

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തിൽ ഇന്നലെയും പാർലമെൻറിൽ നടപടികൾ തടസ്സപ്പെട്ടു. പ്രതിഷേധത്തിനിടെ, ഗോവ നിയമസഭാ മണ്ഡലങ്ങളിലെ പട്ടികവർഗ പ്രാതിനിധ്യ പുനഃക്രമീകരണ ബിൽ 2024 ലോക്സഭ പാസാക്കി. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ആറ് മാസത്തേക്ക് കൂടി നീട്ടാനുള്ള പ്രമേയത്തിനും പാർലമെന്റ് അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

## LS- TRADE

ഇന്ത്യ - അമേരിക്ക ഉഭയകക്ഷി വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ സജീവമായി പുരോഗമിക്കുകയാണെന്ന് കേന്ദ്ര

സഹമന്ത്രി രാംനാഥ് താക്കൂർ. യുഎസ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര പങ്കാളികളുമായി വ്യാപാര കരാറുകൾ ചർച്ച ചെയ്യുമ്പോൾ കാർഷിക, ഭക്ഷ്യസുരക്ഷാ മേഖലകൾക്കാണ് കേന്ദ്ര സർക്കാർ പ്രാധാന്യം നൽകുന്നതെന്നും കേന്ദ്രസഹമന്ത്രി ലോക്സഭയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ARMY-CEASEFIRE VIOLATION

ഇന്ത്യ - പാക് അതിർത്തിയിലെ നിയന്ത്രണ രേഖയിൽ വെടിനിർത്തൽ ലംഘനം നടന്നിട്ടില്ലെന്ന് ഇന്ത്യൻ സൈന്യം. പൂഞ്ച് മേഖലയിൽ വെടിനിർത്തൽ ലംഘനമുണ്ടായെന്ന തരത്തിലുള്ള മാധ്യമ റിപ്പോർട്ടുകളെ തുടർന്നാണ് വിശദീകരണം.

&&&&&&&&&&&&&&&&&&

## G R ANIL

43,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മന്ത്രി ജി. ആർ. അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. കിലോഗ്രാമിന് 10 രൂപ 90 പൈസ നിരക്കിൽ ഈ മാസം ഓണം സ്പെഷ്യൽ അരി വിതരണം ചെയ്യുമെന്ന് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നാലു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മഴ മുന്നറിയിപ്പിനെ തുടർന്ന് കാസർഗോഡ്, കണ്ണൂർ, തൃശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## UTTARAKHAND–CLOUDBURST(INTRO)

ഉത്തരാഖണ്ഡിൽ ധരാലിയിൽ ഉണ്ടായ മേഘവിസ്ഫോടനത്തിൽ കാണാതായവർക്കുള്ള തിരച്ചിൽ തുടരുന്നു. ഘീർ ഗംഗ നദിയിലുണ്ടായ മിന്നൽ പ്രളയത്തെ തുടർന്ന് വീടുകളും കെട്ടിടങ്ങളും ഉൾപ്പടെ ഒലിച്ച് പോയി. നാല് പേർ മരിച്ചതായി ജില്ലാ മജിസ്ട്രേറ്റ് സ്ഥിരീകരിച്ചിരുന്നു. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചനം അറിയിച്ചു. മുഖ്യമന്ത്രി പുഷ്കർസിംഗ് ധാമിയുടെ നേതൃത്വത്തിൽ ഇന്നലെ അടിയന്തര യോഗം ചേർന്നു. സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചുവരികയാണെന്ന് ശ്രീ ധാമി മാധ്യമങ്ങളോട്

അറിയിച്ചു.
( വോയിസ്....)

&&&&&&&&&&&&&&&&&&

## DURAND CUP 2025

ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ ആർ ജെ ഡി ടാറ്റ കോംപ്ലക്സ് സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ ത്രിഭുവൻ ആർമിയെ ഏകപക്ഷീയമായ ഒരു ഗോളിന് ഇന്ത്യൻ ആർമി പരാജയപ്പെടുത്തി. ഇന്ന് രാത്രി 7 ന് കൊൽക്കത്ത വിവേകാനന്ദ യുബ ഭാരതി ക്രിരംഗനിൽ നടക്കുന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാൾ FC, നംധാരി FC യുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## CHESS- CHENNAI MASTERS

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് ടൂർണമെന്റിന്റെ മൂന്നാം പതിപ്പിന് ഇന്ന് ചെന്നൈയിൽ തുടക്കം. ഇന്ന് നടക്കുന്ന മാസ്റ്റേഴ്സ് റൗണ്ട് 1 പോരാട്ടങ്ങളിൽ, ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ അർജുൻ എറിഗൈസി അമേരിക്കൻ താരം അവണ്ടർ ലിയാങ്ങിനെയും വിദിത് ഗുജറാത്തി , ഡച്ച് താരം ജോർദൻ വാൻ ഫോറീസ്റ്റിനെയും നേരിടും.

&&&&&&&&&&&&&&&&&&

## HIROSHIMA DAY

ലോകത്തെ നടുക്കിയ ഹിരോഷിമ അണുബോംബ് സ്ഫോടനം ഉണ്ടായി ഇന്ന് 80 വർഷം. 1945 ഓഗസ്റ്റ് ആറിനാണ് ജാപ്പനീസ് നഗരമായ ഹിരോഷിമയിൽ അമേരിക്ക അണുബോംബ് വർഷിച്ചത്. 1,40,000-ത്തിലധികം ആളുകൾ കൊല്ലപ്പെട്ടു. അതിലേറെ പേർക്ക് മാരക രോഗങ്ങൾ പിടിപെട്ടു. ലോകത്തിലെ ആദ്യത്തെ ആണവ ആക്രമണത്തിൽ കൊല്ലപ്പെട്ടവരെ അനുസ്മരിക്കാൻ എല്ലാ വർഷവും ഈ ദിവസം ഹിരോഷിമ ദിനം ആചരിക്കുന്നു. ആണവയുദ്ധത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുള്ള ഒരു ദിവസം കൂടിയാണിത്.

&&&&&&&&&&&&&&&&&&

## TRUMP- TARIFFS

റഷ്യയിൽ നിന്നും ഊർജ്ജം വാങ്ങുന്ന രാജ്യങ്ങൾക്ക് മേൽ എത്ര ശതമാനം തീരുവ വർധനവാണ് ഏർപ്പെടുത്തുകയെന്നത് സംബന്ധിച്ച് താൻ ഒരിക്കലും പരാമർശിച്ചിട്ടില്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അതേസമയം, വിഷയത്തിലെ പ്രസിഡന്റ് ട്രംപിന്റെ പ്രഖ്യാപനങ്ങളെ ഐക്യരാഷ്ട്രസഭയിലെ മുൻ യുഎസ് അംബാസഡർ നിക്കി ഹാലി വിമർശിച്ചു. ഇന്ത്യയെ പോലെ ശക്തമായ ഒരു സഖ്യകക്ഷിയുമായുള്ള ബന്ധം തകർക്കരുതെന്നും നിക്കി ഹാലി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ISRAEL-SECURITY CABINET MEETING

ഗാസ മുനമ്പിൽ സമ്പൂർണ സൈനിക അധിനിവേശത്തിനുള്ള ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിന്റെ നിർദ്ദേശം ചർച്ച ചെയ്യാനായി ചേരാനിരുന്ന സുരക്ഷാ മന്ത്രിസഭാ യോഗം മാറ്റിവച്ചു. പലസ്തീൻ പ്രദേശത്തിന്റെ പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ സാധ്യതയെയും അനന്തരഫലങ്ങളെയും കുറിച്ച് ഇസ്രായേൽ സർക്കാരിലും സൈനിക നേതൃത്വത്തിലും ഭിന്നതകൾ ഉയർന്നുവരുന്ന സാഹചര്യത്തിലാണ് നടപടി. ബന്ദികളുടെ സുരക്ഷാ ഉൾപ്പടെ ചൂണ്ടിക്കാട്ടി, 75 ശതമാനം ഇസ്രായേലികളും വെടിനിർത്തൽ കരാറിനെ അനുകൂലിക്കുന്നതായാണ് റിപ്പോർട്ടുകൾ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&